# File No.SJD/100739/2019-E1



<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>

(ഹാജർ: ഷീബ ജോർജ്ജ്.ഐ.എ.എസ് )

തിരുവനന്തപുരം,

ഉത്തരവ് നം. SJD/100739/2019-E1 തീയതി. 15/04/2020

വിഷയം: സാമൂഹ്യ നീതി വകുപ്പ്- ജീവനക്കാര്യം - കൊവിഡ്-19 -ഭിന്ന ശേഷിക്കാരായ ജീവനക്കാരെ ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനെ തുടർന്ന് വകുപ്പിലെ അത്യാവശ്യ സർവ്വീസുകളിൽ നിന്നും ഒഴിവാക്കുന്നത് -പത്തനംതിട്ട ജില്ല സാമൂഹ്യനീതി ഓഫീസർ തസ്തികയുടെ പൂർണ്ണ അധിക ചുമതല ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : ജനറൽ അഡ്മിനിസ്ട്രേഷൻ(എസ്.എസ്) ഡിപ്പാർട്ട്മെന്റിൽ നിന്നുമുള്ള 8/4/2020 ലെ നം.എസ്.എസ്.1/70/2020/ജി.എ.ഡി നം പരിപത്രം

പത്തനംതിട്ട ജില്ല സാമൂഹ്യനീതി ഓഫീസർ തസ്തികയുടെ പൂർണ്ണ അധിക ചുമതല പത്തനംതിട്ട ജില്ല സാമൂഹ്യനീതി ഓഫീസിലെ സീനിയർ സൂപ്രണ്ടും ഭിന്നശേഷിക്കാരിയുമായ ശ്രീമതി.ഷംല ബീഗം.ജെ അധികമായി നിർവഹിച്ച് വരുകയായിരുന്നു .ലോകത്താകമാനം പടർന്ന് പിടിച്ച കൊവിഡ് -19 മഹാമാരിയെ തുടർന്ന് രാജ്യത്ത് ലോക്ക്ഡൗൺ പ്രഖ്യാപിച്ചതിനെ തുടർന്ന് വകുപ്പിലെ അത്യാവശ്യ സർവ്വീസുകളിൽ നിന്നും ഭിന്നശേഷിക്കാരായ ജീവനക്കാരെ ഒഴിവാക്കണമെന്ന് മേൽ പരാമർശം പ്രകാരംസർക്കാർ നിർദ്ദേശിക്കുകയുണ്ടായി.

ഈ സാഹചര്യത്തിൽ പത്തനംതിട്ട ജില്ല സാമൂഹ്യനീതി ഓഫീസർ തസ്തികയുടെ പൂർണ്ണ അധിക ചുമതല പത്തനംതിട്ട ഗവ.വൃദ്ധസദനം സൂപ്രണ്ടായ ശ്രീ.ജാഫർഖാൻ.എസിന് അധികമായി അനുവദിച്ച് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജീവനക്കാർ ഉടൻ പ്രാബല്യത്തിൽ ചുമതല കൈമാറുകയും വിവരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

1. ശ്രീമതി.ഷംല ബീഗം.ജെ, സീനിയർ സൂപ്രണ്ട്,
   ജില്ലാ സാമൂഹ്യനീതി ഓഫീസ്, പത്തനംതിട്ട.
2. ശ്രീ.ജാഫർഖാൻ.എസ്, സൂപ്രണ്ട്, ഗവ.വൃദ്ധസദനം, പത്തനംതിട്ട.

<u>പകർപ്പ് :</u>

1. ജില്ല സാമൂഹ്യനീതി ഓഫീസർ പത്തനംതിട്ട
2. സൂപ്രണ്ട് ഗ്രേഡ്-1 ഗവ വൃദ്ധസദനം പത്തനംതിട്ട
3. സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്